# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3081 — 15.12.2015 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണത്തിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെല്ല് സംഭരണം ഏത് രീതിയിലാണ് സർക്കാർ നടത്തി വരുന്നത് ; | (എ) കേരള സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കുന്നതിനും അത് അവിടെ നിന്നും കൊണ്ടു പോകുന്നതിനും സുരക്ഷിതമായി സംഭരിച്ച് വെയ്ക്കുന്നതിനും സമയബന്ധിതമായി സംസ്കരിച്ച് അരിയാക്കുന്നതിനും സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ഉടമ്പടി ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽ നോട്ടം വഹിക്കുന്നതിന് ജില്ലാ തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) നെല്ല് സംഭരണത്തിൽ മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തി യിട്ടുണ്ടോ ; | (ബി) നെല്ല് സംഭരണത്തിൽ നിന്ന് മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലില്ല. എന്നാൽ സംഭരിച്ച നെല്ല് മുഴുവനും അനുവദിച്ച സമയത്തിനുള്ളിൽ സംസ്കരിച്ച് തരുവാൻ പറ്റാതെ വന്ന ചില മില്ലുകൾ സപ്ലൈകോയുമായുള്ള ഉടമ്പടി ഉപേക്ഷിച്ച് പോയിട്ടുണ്ട്. |
| (സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും കർഷകരെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) നെല്ല് സംഭരണത്തിന്റെ കാലാവധി നേരത്തെതന്നെ കർഷകരെ അറിയിക്കുകയും അതുപ്രകാരം ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് സംഭരിക്കുകയും ചെയ്യുന്നു. |
| (ഡി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനുമായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനായി കിലോ ഗ്രാമിന് 19 രൂപയായിരുന്ന സംഭരണ വില ഇപ്പോൾ 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊ ന്നാണിത്. |

Beena

സെക്ഷൻ ഓഫീസർ